**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 970 | 30.06.2011 ൽ മറുപടിയ്ക്ക്

**തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തുഷാരഗിരി, അരിപ്പാറ സമഗ്ര ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.മോയിൻകുട്ടി | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ മലയോര മേഖലകളിലെ തുഷാരഗിരി, അരിപ്പാറ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ടൂറിസം പദ്ധതിയ്ക്ക് രൂപം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) & (ബി) | നിലവിൽ ഇങ്ങനെ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) ഇക്കാര്യത്തിൽ ഒരു ടൂറിസം പ്രോജക്ട് തയ്യാറാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുമോ ; | | |
| (സി) തുഷാരഗിരി, അരിപ്പാറ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത് ; | (സി) | തുഷാരഗിരിയിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി സഞ്ചാരികൾക്കുള്ള താമസസൗകര്യം, കഫറ്റേരിയ, ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ പണി നടന്നു വരുന്നു. കൂടാതെ അരിപ്പാറയിൽ വെള്ളച്ചാട്ടത്തിലേയ്ക്കുള്ള നടപ്പാത, റെയിൻഹട്ട്, ടിക്കറ്റ് കൗണ്ടർ എന്നിവയുടെ പണിയും നടക്കുന്നു. ഇക്കോ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുഷാരഗിരിയിൽ ഫെൻസിംഗ്, ട്രക്കിംഗ് പാത്ത് വികസിപ്പിക്കൽ, ബ്യൂട്ടിഫിക്കേഷൻ പ്രവർത്തികൾ നടന്നുവരുന്നു |
| (ഡി) തുഷാരഗിരിയേയും അരിപ്പാറ വെള്ളച്ചാട്ടത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് മഞ്ഞുവയൽ ഇരുപ്പുളുംകവല റോഡിൽ പള്ളത്തുപടിയിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ഡി) | പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ